# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1792 — 21.01.2014-ൽ മറുപടി നൽകിയത്

### ഗ്രാമസഭകൾ ചേരാൻ സ്കൂൾ കെട്ടിടം അനുവദിക്കുന്നില്ലെന്ന പരാതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | മറുപടി<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
|---|---|
| (എ) ഗ്രാമസഭ വിളിച്ചുചേർക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗവൺമെന്റ്, എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ: ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) ഇല്ല |
| (ബി) ഗ്രാമസഭകൾ ചേരുന്നതിന് എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) ഉണ്ട്.<br>പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ ചേരാൻ അനുവദിക്കാത്തതു സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റ് A.E.Oയ്ക്ക് പരാതി നൽകുകയും സ്കൂൾ ഹെഡ്മിസ്ട്രസ് A.E.O യ്ക്ക് വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ അനുമതിയില്ലാതെ സ്കൂൾ കെട്ടിടത്തിൽ ഗ്രാമസഭ നടത്തിയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ എതിർകക്ഷിയായി ചേർത്തു കൊണ്ട് WP(C)2320/14 ആയി സ്കൂൾ മാനേജർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ഇത്തരത്തിൽ പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ